നം. ഒ ആന്റ് എം.1 – 30673/2021/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം,തീയതി. 31.05.2021

# സർക്കുലർ

വിഷയം:-ആരോഗ്യവകുപ്പ്- സേവനകാര്യം - പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാരെ പഠനാവശ്യത്തിനുള്ള ദീർഘകാല അവധിക്കായി വിടുതൽ ചെയ്യുന്നത് - നിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച് -

സൂചന :- സർക്കാർ ഉത്തരവ് നം. (അച്ചടി)- 15.2020/ ഉ.ഭ.പ.വ തീയതി.28.10.2020

മേൽ സൂചന സർക്കാർ ഉത്തരവ് പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് സർവ്വീസിൽ പ്രവേശിക്കുന്നതിന് സമയം ദീർഘിപ്പിച്ച നൽകുന്നതു സംബന്ധിച്ചും, NJD ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ആയതിൻപ്രകാരം ഏതെങ്കിലും വിദ്യാഭ്യാസ കോഴ്സ് ചെയ്തുകൊണ്ടിരിക്കുന്നതോ അല്ലെങ്കിൽ ഏതെങ്കിലും ട്രെയിനിംഗിൽ പങ്കെടുത്തുകൊണ്ടിരിക്കുന്നതോ ആയ ഉദ്യോഗാർത്ഥികൾക്ക് അത് പൂർത്തിയാക്കുന്നതിനായി പരമാവധി ആറു മാസം (180 ദിവസം) വരെ സർക്കാർ തലത്തിൽ ദീർഘിപ്പിച്ച നൽകാവുന്നതും, ആറു മാസത്തിലധികം സമയം വേണ്ടി വരുന്ന ഉദ്യോഗാർത്ഥികൾക്ക് പരമാവധി 45 ദിവസം വരെ പ്രവേശന സമയം നിയമനാധികാരികൾക്ക് ദീർഘിപ്പിച്ച് നൽകാവുന്നതും പിന്നീട് ജോലിയിൽ പ്രവേശിച്ച ശേഷം KSR ഒന്നാം ഭാഗം അനുബന്ധം XII B ശൂന്യവേതനാവധിയിൽ പ്രവേശിച്ച് കോഴ്സ്/ ട്രെയിനിംഗ് പൂർത്തിയാക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരം ഉപരി പഠനം നടത്തിവരവെ പി .എസ്.സി മുഖാന്തിരം ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് പഠനം തുടരുന്നതിനായി ശൂന്യവേതനാവധിയിൽ പ്രവേശിക്കേണ്ടിവരുന്ന പക്ഷം അവരെ വിടുതൽ ചെയ്യുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടറുടെ നിരാക്ഷേപപത്രം ലഭിക്കുന്നതിനായി അപേക്ഷകൾ ഈ ഓഫീസിലേയ്ക്ക് സമർപ്പിച്ച പോരുന്നുണ്ട്. എന്നാൽ സംസ്ഥാനത്തിനു പുറത്തുള്ള സ്ഥാപനങ്ങളിലടക്കം ഉപരിപഠനം നടത്തവേ പി. എസ്.സി മുഖാന്തിരം ജോലിയിൽ പ്രവേശിച്ച ശേഷം പഠനം തുടരുന്നതിനായി NOC യ്ക്കു വേണ്ടി കാത്തുനിൽക്കേണ്ടി വരുന്നത് പ്രസ്തുത ജീവനക്കാർക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. NOC നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുവാനുള്ള കാലതാമസം പ്രസ്തുത ജീവനക്കാരുടെ തുടർപഠനത്തെ ബാധിക്കുമെന്നതിനാൽ ഇതു സംബന്ധിച്ച നടപടിക്രമങ്ങൾ ലഘൂകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ, പി.എസ്.സി മുഖാന്തിരം ജോലിയിൽ പ്രവേശിച്ചയുടൻ ഉപരിപഠനത്തിനായി ദീർഘകാല അവധിയിൽ പ്രവേശിക്കേണ്ടിവരുന്ന ജീവനക്കാരെ ആരോഗ്യവകുപ്പ് ഡയറക്ടറുടെ നിരാക്ഷേപപത്രം കൂടാതെ തന്നെ വിടുതൽ ചെയ്യാവുന്നതാണെന്ന് അറിയിക്കുന്നു. ഇപ്രകാരം വിടുതൽ ചെയ്യുന്നതിനായി, പഠനസംബന്ധമായ രേഖകൾ പരിശോധിച്ച് ഉറപ്പ വരുത്തിയ ശേഷം ജില്ലാ മെഡിക്കൽ ഓഫീസർ അനുമതി നൽകേണ്ടതും സ്ഥാപന മേധാവി വിടുതൽ ചെയ്യേണ്ടതുമാണ്. വിടുതൽ ചെയ്ത ജീവനക്കാരുടെ വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ് . മേൽ വിവരിച്ച വ്യവസ്ഥ ഉപരിപഠനം തുടരവേ പി .എസ്.സി മുഖാന്തിരം ജോലിയിൽ പ്രവേശിച്ച ശേഷം സൂചന- ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം പഠനാവശ്യത്തിനുള്ള ദീർഘകാല അവധിയിൽ പ്രവേശിക്കുന്നവർക്കു മാത്രം ബാധകമായിട്ടുള്ളതാണ് . നിലവിൽ സർവ്വീസിലുള്ള ജീവനക്കാർക്ക് ഉപരിപഠനത്തിനായി ദീർഘകാല അവധിയിൽ പ്രവേശിക്കേണ്ടിവരുന്ന പക്ഷം അവരെ വിടുതൽ ചെയ്യുന്നതിന് ഡയറക്ടറുടെ നിരാക്ഷേപപത്രം ആവശ്യമാണ്. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും മേൽ നിർദ്ദേശങ്ങൾ പ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡോ.രമേഷ്.ആർ
ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്:- എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും
എല്ലാ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം